# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4508 22.07.2015-ൽ മറുപടിയ്ക്ക്

## ബ്ലാക്ക്മെയിലിംഗ് കേസിന്റെ അന്വേഷണ പുരോഗതി

| ചോദ്യം<br>ശ്രീ.കെ.അജിത് | | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | റുക്സാന, ബിന്ധ്യാസ് എന്നീ സ്ത്രീകൾ പ്രതികളായ ബ്ലാക്ക്മെയിലിംഗ് കേസിന്റെ അന്വേഷണ പുരോഗതി എന്തെന്നും ഈ കേസുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്ര പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (എ) | റുക്സാന, ബിന്ധ്യാസ് എന്നീ സ്ത്രീകൾ പ്രതികളായി ഉൾപ്പെട്ടിട്ടുള്ള 3 ബ്ലാക്ക് മെയിലിംഗ് കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം വെഞ്ഞാറമൂട് പി.എസ്.ക്രൈം നം. 1061/14- 5 പ്രതികൾ.<br>2. കൊല്ലം കിളികൊല്ലൂർ പി.എസ്. ക്രൈം നം. 1223/14- 2 പ്രതികൾ.<br>3. കൊച്ചി സിറ്റി പാലാരിവട്ടം പി.എസ്. ക്രൈം. 999/14 – 5 പ്രതികൾ. |
| (ബി) | ഈ കേസിന്റെ അന്വേഷണ പുരോഗതിയുടെ വിശദാംശങ്ങളും ഈ കേസിൽ എത്ര പ്രതികൾ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്നും ഈ പ്രതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത 3 കേസുകളിൽ ഒരെണ്ണം അന്വേഷണം പൂർത്തിയായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് (കിളികൊല്ലൂർ പി.എസ്. ക്രൈം നം. 1223/14). ബാക്കി 2 കേസുകളിലും അന്വേഷണം തുടർന്ന് വരുകയാണ്. ടി കേസുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസുകളിലെ പ്രതികളെല്ലാം കോടതിയിൽ നിന്നും ജാമ്യം നേടിയിട്ടുണ്ട്. |
| (സി) | ഈ കേസിൽ അറസ്റ്റുചെയ്യപ്പെട്ട പ്രതികളിൽ രാഷ്ട്രീയ ബന്ധമുള്ള ഏതെങ്കിലും വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | ടി കേസുകളിലെ പ്രതികളുടെ രാഷ്ട്രീയ ബന്ധം വെളിവായിട്ടില്ല. |

Mayhl

സെക്ഷൻ ഓഫീസർ